# മുൻമൊഴി

*2002 ൽ പ്രബോധനം* പുറത്തിക്കിയ രണ്ടാമത്തെ ഖുർആൻ വിശേഷാൽപതിപ്പിന്റെ സമ്പൂർണ ഇ-പതിപ്പാണിത്. 7.4.2002-നാണ് എറണാകുളം ടൗൺഹാളിൽ **ഡോ. കമലാസുറയ്യ** ഇതിന്റെ ഒന്നാം പതിപ്പ് പ്രകാശനം ചെയ്തത്.

വർഷാന്തം, അല്ലെങ്കിൽ എല്ലാ ഉത്സവവേളകളിലും സ്പെഷ്യൽ പതിപ്പിറക്കുന്ന പതിവ് ഞങ്ങൾക്കില്ല. ഇസ്‌ലാമികമാനമുള്ള ഏതെങ്കിലും വിഷയം വിശേഷാൽ ചർച്ചചെയ്യപ്പെടേണ്ടത് ആവശ്യമായി വരുന്ന സാഹചര്യങ്ങളിലേ ഞങ്ങൾ സ്പെഷ്യൽപതിപ്പുകളെക്കുറിച്ച് ചിന്തിക്കാറുള്ളൂ. 1949-ൽ ആരംഭിച്ച *പ്രബോധനം* നേരത്തേ ഖുർആൻ വിശേഷാൽപതിപ്പിറക്കിയത് 1970-ലായിരുന്നു. അതുതന്നെയായിരുന്നു *പ്രബോധന*ത്തിന്റെ ഒന്നാമത്തെ വിശേഷാൽപതിപ്പ്.

വിശുദ്ധഖുർആന്റെ കാര്യത്തിൽ, അതിന്റെ വാഹകരായ മുസ്‌ലിംസമുദായത്തെ മൂടിനിന്ന അജ്ഞതയുടെയും അന്യതാഭാവത്തിന്റെയും കനത്ത കരിമുകിലുകൾ ലഘൂകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ആ ഖുർആൻ സ്പെഷ്യൽ. ആ ശ്രമം പാഴായിട്ടില്ലെന്നാണ് വിശ്വാസം. വിശുദ്ധഖുർആനോടുള്ള മുസ്‌ലിംസമൂഹത്തിന്റെ സമീപനത്തിൽ പിൽക്കാലത്ത് ഗണ്യമായ മാറ്റമുണ്ടായിട്ടുണ്ട്. ഈ മാറ്റം സൃഷ്ടിക്കുന്നതിൽ *പ്രബോധന*ത്തിന്റെ പരിശ്രമങ്ങൾക്കുള്ള പങ്ക് അനിഷേധ്യമാകുന്നു.

ഒന്നാമത്തെ ഖുർആൻ സ്പെഷ്യലിനുശേഷം, കഴിഞ്ഞ 32 വർഷങ്ങൾക്കിടയിൽ ഞങ്ങൾ പ്രസിദ്ധീകരിച്ചത് ആറേഴു സ്പെഷ്യൽപതിപ്പുകൾ മാത്രമാണ്. അവയോരോന്നും അതതു കാലത്തിന്റെ ആവശ്യങ്ങളായിരുന്നു. ഇന്നിപ്പോൾ ചർച്ചചെയ്യപ്പെടാവുന്ന വിഷയങ്ങൾ വേറെയും നിരവധി കിടക്കെ വീണ്ടും ഖുർആനിലേക്കു തന്നെ മടങ്ങിയതും, സാഹചര്യം ഞങ്ങളോട് ഒരു ഖുർആൻ വിശേഷാൽപതിപ്പുതന്നെ ആവശ്യപ്പെടുന്നതുകൊണ്ടാണ്. 1970-ലെ ഖുർആൻപതിപ്പിന്റെ ലക്ഷ്യം മുസ്‌ലിംസമൂഹത്തെ ഖുർആനുമായി കൂടുതൽ അടുപ്പിക്കുകയായിരുന്നുവെങ്കിൽ, ഈ ഖുർആൻ സ്പെഷ്യലിന്റെ മുഖ്യലക്ഷ്യം സഹോദരസമുദായങ്ങൾക്ക് വിശുദ്ധഖുർആനെ പരിചയപ്പെടുത്തുകയും അവരുടെ തെറ്റുധാരണകൾ അകറ്റുകയുമാകുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലരങ്ങേറിയ ആഗോളസംഭവവികാസങ്ങൾ ഇസ്‌ലാമും ഖുർആനും വിപുലമായി ചർച്ചചെയ്യപ്പെടാൻ അവസരം സൃഷ്ടിക്കുകയുണ്ടായി. ഖേദകരമെന്നു പറയട്ടെ, ഈ ചർച്ചകളിലേറിയകൂറും ഇസ്‌ലാമിനെയും വിശുദ്ധഖുർആനെയും അപവദിക്കുന്നതും തെറ്റുധരിപ്പിക്കുന്നതുമായിരുന്നു. 2001 സെപ്റ്റംബർ 11-ന് ന്യൂയോർക്ക് നഗരത്തിലുണ്ടായ ദൗർഭാഗ്യകരമായ സംഭവങ്ങൾ ഖുർആൻവിരുദ്ധപ്രചാരണങ്ങൾക്ക് ആക്കംകൂട്ടിയിരിക്കുകയാണ്. രാജ്യത്ത് നിലനിൽക്കുന്ന സൗഹാർദം തകർക്കാനും അതുവഴി സ്ഥാപിതാൽപര്യങ്ങൾ നേടിയെടുക്കാനും ആസൂത്രിതമായി ശ്രമിക്കുന്ന ചില ശക്തികൾ ഇന്ത്യയിലും ഖുർആൻവിരുദ്ധപ്രചാരണം ഏറ്റുപിടിക്കുന്നുണ്ട്. ഖുർആനെതിരെ അവരിൽ ചിലർ കോടതി കയറുകവരെയുണ്ടായി. ഇത്തരം നടപടികളുടെ തുടർച്ചതന്നെയാണ് ഈയിടെ ഗുജറാത്തിൽ ആളിക്കത്തിയ വർഗീയാഗ്നി.

ഈ സാഹചര്യത്തിലാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ കേരള ശാഖ 2002 ഏപ്രിൽ മാസം 'ഖുർആനിലേക്ക്; വെളിച്ചത്തിലേക്ക്' എന്ന ശീർഷകത്തിൽ ഒരു ഖുർആൻ പ്രചാരണ കാമ്പയിൻ സംഘടിപ്പിക്കുന്നത്. സമൂഹത്തിന്റെ നാനാതലങ്ങളിലും വിശുദ്ധഖുർആനെ ശരിയായ രൂപത്തിൽ പരിചയപ്പെടുത്തുകയും ഖുർആനികസന്ദേശങ്ങളിലേക്ക് ജനശ്രദ്ധക്ഷണിക്കുകയുമാണിതിന്റെ ലക്ഷ്യം. മഹത്തായ ഈ സംരംഭത്തിനുള്ള പ്രബോധനത്തിന്റെ ഉപഹാരമാണീ സ്പെഷ്യൽ പതിപ്പ്.

ഖുർആൻ ഉന്നയിക്കുന്ന മൗലികസിദ്ധാന്തങ്ങളും ധാർമിക-സദാചാരമൂല്യങ്ങളും നിയമപ്രമാണങ്ങളും സാമാന്യമായി പരിചയപ്പെടുത്തുന്നവയാണിതിലെ ലേഖനങ്ങൾ. വ്യാപകമായി തെറ്റുധരിക്കപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജിഹാദ്, യുദ്ധം, സ്ത്രീയുടെ പദവി തുടങ്ങിയ വിഷയങ്ങളും അപഗ്രഥിക്കപ്പെടുന്നു. മലയാളഭാഷയിൽ ഖുർആനിക വിജ്ഞാനങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കപ്പെടുന്നുമുണ്ട്. കേരളത്തിലെ പ്രഗത്ഭരായ ചില സാംസ്കാരികനായകന്മാരും സാഹിത്യകാരന്മാരും ഖുർആനെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുവെന്നത് ഈ വിശേഷാൽപ്രതിയുടെ ഒരപൂർവ വിശേഷമാണ്. സ്വന്തം ജീവിതത്തിൽ ഖുർആൻ സൃഷ്ടിച്ച വിപ്ലവത്തെക്കുറിച്ച് ചില സഹൃദയർ നൽകുന്ന സാക്ഷിമൊഴികളാണ് കൗതുകകരമായ മറ്റൊരു വിശേഷം.

ഈ വിശേഷാൽപതിപ്പ് തയാറാക്കാൻ സഹകരിച്ച എല്ലാവർക്കും ഒരിക്കൽകൂടി ഹൃദയം നിറഞ്ഞ നന്ദി.

പത്രാധിപർ